**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2230** **13.02.2013-ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുന:സംഘടനാ പദ്ധതി നടപ്പാക്കാനുള്ള സന്നദ്ധത**

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ :

,, വി. ശശി :

,, കെ. അജിത് :

,, ഇ. കെ. വിജയൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുന:സംഘടനാ പദ്ധതി നടപ്പാക്കിയാൽ വർഷംതോറും വൈദ്യുതി നിരക്ക് പുതുക്കൽ, വിതരണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം തുടങ്ങി മറ്റെന്തെല്ലാം വിഷയങ്ങൾ കൂടി നടപ്പാക്കേണ്ടിവരുമെന്ന് വിശദമാക്കുമോ;

(എ) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപന ങ്ങളുടെ (State Distribution Companies (DIS COMS)) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിതരണ കമ്പനികൾക്കായി ഒരു സാമ്പത്തിക പുന:രുദ്ധാരണ പദ്ധതി (Financial Re-structuring Scheme) യ്ക്ക് കേന്ദ്ര സർക്കാരിൻെറ ഊർജ്ജ മന്ത്രാലയം രൂപം നൽകുകയുണ്ടായി.

സാമ്പത്തിക പുനരുദ്ധാരണ സ്കീം സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കുക, വർഷം തോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളിന്മേൽ വിശദമായ പരിശോധനയ്ക്കു ശേഷം മാത്രമേ സർക്കാർ അന്തിമ തീരുമാനം എടുക്കുകയുള്ളൂ. വൈദ്യുതി നിരക്ക് പുതുക്കലിനെ സംബന്ധിച്ച്, ഓരോ സാമ്പത്തിക വർഷത്തേയും താരിഫ് നിർണ്ണയം അതാതു വർഷാരംഭത്തിനു മുൻപ് (ഏപ്രിൽ 1-ാം തീയതിക്കു മുമ്പ്) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുകൾ നടത്തിയിരിക്കണമെന്ന് 2011 നവംബർ 11ലെ വിധിന്യായ പ്രകാരം ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ

ഉത്തരവായിട്ടുള്ളതാണ് സ്വകാര്യ പങ്കാളിത്തത്തിന്റെ പ്രസക്തി AT & C നഷ്ടം കുറച്ചുകൊണ്ടു വരുന്നതിനാണ്. കേരളത്തിൽ പൊതുമേഖല യിൽ തന്നെ പ്രസരണ - വിതരണ നഷ്ടം ഗണ്യ മായി കുറച്ചുകൊണ്ടുവന്ന സാഹചര്യത്തിൽ സ്വകാര്യ പങ്കാളിത്തത്തിനുള്ള നിബന്ധന ഒഴിവാക്കാനാകുമെന്നാണ് കരുതുന്നത്.

| | |
|---|---|
| (ബി) വൈദ്യുതി ബോർഡ് കമ്പനി യാക്കുന്ന നടപടികൾ പൂർത്തിയാ യിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാ ക്കുമോ? | (ബി) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിനെ 1956-ലെ ഇൻഡ്യൻ കമ്പനി നിയമത്തിന്റെ കീഴിൽ പൊതു മേഖലയിലുള്ള ഒരു കമ്പനിയായി പുന: സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കെ. എസ്. ഇ. ബിയുടെ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടുവിച്ചിരുന്നു. 14-01-2011-ന് രജിസ്റ്റർ ചെയ്യപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേക്ക് ആസ്തി ബാദ്ധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ നടത്തി വരുന്ന ചർച്ചകൾ പൂർത്തിയാക്കിയ ശേഷം ഇതു സംബന്ധിച്ച കേരള ഇലക്ട്രിസിറ്റി സെക്കൻഡ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്) പുറപ്പെടുവിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**